"ഭരണ ഭാഷ -മാതൃഭാഷ"

# കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ

അയ്യങ്കാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ., തിരുവനന്തപുരം-3

ഫോൺ: 0471-2319288, ഫാക്സ്: 0471-2312688,

Website : www.kscbc.kerala.gov.in E-mail: registrar.kscbc@kerala.gov.in

## വിജ്ഞാപനം

**കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മിഷന് കീഴിൽ കമ്പ്യൂട്ടർ പ്രോഗ്രാമർ തസ്തികയിലേക്ക് ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.**

സംസ്ഥാന സർക്കാരിനു കീഴിലുള്ള സ്വയംഭരണ സ്ഥാപനമായ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മിഷനിൽ പിന്നോക്ക വിഭാഗങ്ങളുടെ സർക്കാർ സർവ്വീസ്/സർക്കാർ ഇതര സർവ്വീസിലെ ജീവനക്കാരുടെ പ്രാതിനിധ്യം കണ്ടെത്താനുതകുന്ന തരത്തിൽ ആരംഭിച്ച Web portal (e-cDesk, e-Caste Data base of employees in Service Kerala) കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഇതുസംബന്ധിച്ച വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ഫലവത്തായി ചെയ്യുന്നതിലേക്ക് കമ്പ്യൂട്ടർ സോഫ്റ്റ് വെയർ സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ള കംമ്പ്യൂട്ടർ പ്രോഗ്രാമർ തസ്തികയിലേക്ക് ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

നിയമനം:- കരാറടിസ്ഥാനത്തിൽ ഒരു വർഷത്തേയ്ക്കോ, വെബ്ബ്പോർട്ടൽ പ്രവർത്തനം പൂർത്തീകരിക്കുന്നതുവരെയോ. ഈ തസ്തിക/നിയമനം ഒരു റഗുലർ തസ്തിക/ നിയമനം അല്ല.

| | | |
|---|---|---|
| ഒഴിവുകളുടെ എണ്ണം | :- | ഒന്ന് |
| യോഗ്യത | :- | MCA/ B.Tech/M.Tech/ME/BE (കമ്പ്യൂട്ടർ സയൻസ്) |
| അഭിലഷണീയ യോഗ്യത | :- | പ്രസ്തുത മേഖലയിൽ സർക്കാർ/പൊതുമേഖല/ സ്വകാര്യ സ്ഥാപനങ്ങളിൽ രണ്ടു വർഷത്തിൽ കുറയാത്ത പ്രവർത്തി പരിചയം |
| വയസ്സ് | :- | പൊതുവിഭാഗം 18-36, ഉദ്യോഗാർത്ഥികൾ 02/01/1982നും, 01/01/2000നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതിയും ഉൾപ്പെടെ) ഒ.ബി.സി. വിഭാഗങ്ങളിൽപ്പെട്ട അപേക്ഷകർക്ക് ഉയർന്ന പ്രായപരിധിയിൽ മൂന്ന് വർഷത്തെ വയസിളവും, എസ്.സി/ എസ്.റ്റി വിഭാഗങ്ങളിൽപ്പെട്ട അപേക്ഷകർക്ക് അഞ്ച് വർഷത്തെ വയസ്സിളവും അനുവദിക്കും. |
| ശമ്പളം | :- | പ്രതിമാസ കരാർ വേതനം 31,290 രൂപ (സർക്കാർ ഉത്തരവ് പ്രകാരം) |

യോഗ്യരായ ഉദ്യോഗാർത്ഥികൾ, തങ്ങളുടെ വിശദമായ ബയോഡേറ്റ, വെള്ളപേപ്പറിൽ ടൈപ്പ്ചെയ്ത് തയ്യാറാക്കിയ അപേക്ഷ, യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ തുടങ്ങിയവ അടക്കം നേരിട്ടോ, തപാൽ മുഖേനയോ സംസ്ഥാന പിന്നോക്ക വിഭാഗ കമ്മിഷന്റെ ചുവടെപറയുന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി 14/01/2019

വിലാസം:- രജിസ്ട്രാർ<br>
കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മിഷൻ<br>
3-ാം നില, അയ്യൻകാളിഭവൻ<br>
വെള്ളയമ്പലം, തിരുവനന്തപുരം.പി.ഒ<br>
695003, കേരളം

രജിസ്ട്രാർ